# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4170 — **03.02.2014 -ൽ മറുപടിയ്ക്ക്**

## ഡാമുകളുടെ സുരക്ഷ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ ഡാമുകളെ സംബന്ധിച്ചും ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ചും എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ലഭ്യമായ റിപ്പോർട്ടുകൾ ഏതെല്ലാം; അത് സർക്കാർ വിശകലനം ചെയ്തുവോ; വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | എ) നിലവിലുള്ള ഡാമുകളുടെ സ്ട്രക്ചറൽ അനാലിസിസ് ചീഫ് എഞ്ചിനീയർ, (പര്യവേഷണവും രൂപകൽപ്പനയുടെയും) കാര്യാലയത്തിൽ നടന്നു വരുന്നു. കേരള ഡാം സേഫ്റ്റി അതോറിറ്റി സംസ്ഥാനത്തെ എല്ലാ ഡാമുകളിലും പതിവായി പരിശോധന നടത്താറുണ്ട്. അപ്രകാരം ലഭ്യമാകുന്ന റിപ്പോർട്ടുകളിൽ; പരിശോധനാ വേളയിൽ കണ്ടെത്തുന്ന അറ്റകുറ്റ പണികളും മറ്റ് അനുബന്ധ മരാമത്ത് പണികളും സമയ ബന്ധിതമായി ചെയ്തു തീർക്കുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ ഡാം സംരക്ഷകർക്കും ജലവിഭവ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകൾക്കും നൽകാറുമുണ്ട്. |
| ബി) അടിയന്തിര സാഹചര്യം നേരിടുന്നതിനായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ: വിശദമാക്കാമോ? | ബി) അടിയന്തര സാഹചര്യം നേരിടാനായി എല്ലാ ഡാമുകളിലും എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ അതാത് ഡാമുകളുടെ സംരക്ഷകർക്ക് നിർദ്ദേശം നൽകാറുണ്ട്. എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടിയായ ഡാം ബ്രേക്ക് അനാലിസിസ് ചെയ്യുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ, (പര്യവേഷണവും രൂപകൽപ്പനയുടെയും) കാര്യാലയത്തിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ